പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3405 — 12.12.2014-ൽ മറുപടിക്ക്

## പൊതുശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ എൻ. എ. ഖാദർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് പൊതുശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | സംസ്ഥാനത്ത് പൊതുശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വിവിധ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്ത് തന്നെ തരംതിരിച്ച് സംസ്ക്കരിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിയ്ക്ക് പ്രാമുഖ്യം നൽകി നടപ്പിലാക്കിവരുന്നു. കൂടാതെ നഗരപ്രദേശങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിച്ച് മാലിന്യ സംസ്ക്കരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഗ്രാമീണമേഖലയിൽ ശൗചാലയങ്ങൾ ഇല്ലാത്ത വീടുകളിൽ ആയവ സ്ഥാപിക്കുന്നതിനും കുടിവെള്ളം എത്തിക്കുന്നതിനും കേന്ദ്രസർക്കാർ സഹായത്തോടുകൂടി സ്വച്ഛ് ഭാരത് അഭിയാൻ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പൊതുസ്ഥലങ്ങളും റോഡുകളും നടപ്പാതകളും വൃത്തിഹീനമാക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു; | (ബി) & (സി) | 2012-ലെ കേരള നഗരപാലിക ഭേദഗതി നിയമം, കേരള പഞ്ചായത്തീരാജ് ഭേദഗതി നിയമം എന്നിവ പ്രകാരം പൊതുസ്ഥലങ്ങളും റോഡുകളും, നടപ്പാതകളും വൃത്തിഹീനമാക്കുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം പൊതുസ്ഥലങ്ങളിലും റോഡുകളിലും മറ്റും മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിയമപ്രകാരമുള്ള പിഴയും മറ്റു കർശന നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| സി) | ഇത്തരം സ്ഥലങ്ങൾ വൃത്തീഹീനമാക്കുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമോ; | | |
| ഡി) | നമ്മുടെ സംസ്ഥാനത്തെ മാലിന്യമുക്തവും പൊതുശുചിത്വമുള്ള സമൂഹവുമാക്കി മാറ്റുന്നതിന് എന്തെങ്കിലും പ്രത്യേകപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ? | ഡി) | നമ്മുടെ സംസ്ഥാനത്തെ മാലിന്യ മുക്തവും പൊതു ശുചിത്വമുള്ള സമൂഹമാക്കി മാറ്റുന്നതിനായി മുകളിൽപ്പറഞ്ഞ പദ്ധതികൾക്ക് പ്രാമുഖ്യം നൽകി നടപ്പിലാക്കുന്നതോടൊപ്പം ഇക്കാര്യത്തിൽ ജനങ്ങളെ ബോധവാന്മാരാക്കുന്ന പ്രവൃത്തിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ശുചിത്വ മിഷൻ വഴിയും നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ